**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5019** **01-11-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മിനി സിവിൽ സ്റ്റേഷൻ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | അങ്കമാലി മിനി സിവിൽ സ്റ്റേഷൻ 11/01/2016-ൽ ആണ് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തത്. |
| (ബി) | പ്രസ്തുത സിവിൽ സ്റ്റേഷനിൽ എത്ര നിലകൾ ഉണ്ടെന്നും ഓരോ നിലയിലും ഏതൊക്കെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ നാല് നിലകൾ ആണ് ഉള്ളത്. ഓരോ നിലയിലും പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | മിനി സിവിൽ സ്റ്റേഷന്റെ ഒറിജിനൽ എസ്റ്റിമേറ്റിൽ ലിഫ്റ്റ് അനുബന്ധ സൗകര്യങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആറു വർഷമായിട്ടും പൊതുമരാമത്ത് വകുപ്പ് ലിഫ്റ്റ് സ്ഥാപിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ; | (സി) | എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതായും രണ്ടു ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) അറിയിച്ചിട്ടുണ്ട്. ലെറ്റർ ഓഫ് ക്രെഡിറ്റിന് വേണ്ടി വർക്ക് എം.ബി.യിൽ ചേർത്തു സമർപ്പിക്കുന്നതാണെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ഫയർ NOC യ്ക്ക് വേണ്ടിയുള്ള തുക അങ്കമാലി മുനിസിപ്പാലിറ്റിയിലും കെ.എസ്.ഇ.ബി കണക്ഷന് വേണ്ടിയുള്ള തുക കെ.എസ്.ഇ.ബി.യിലും അടയ്ക്കുന്നതാണെന്നും കൂടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി 2018/3009 നമ്പറായി ഭരണാനുമതിക്ക് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തരമായി ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുമോ; വിശദമാക്കുമോ? | (ഡി) | എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതായും രണ്ടു ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) അറിയിച്ചിട്ടുണ്ട്. ലെറ്റർ ഓഫ് ക്രെഡിറ്റിന് വേണ്ടി വർക്ക് എം.ബി.യിൽ ചേർത്തു സമർപ്പിക്കുന്നതാണെന്നും തുക ലഭിക്കുന്ന മുറയ്ക്ക് ഫയർ NOC യ്ക്ക് വേണ്ടിയുള്ള തുക അങ്കമാലി മുനിസിപ്പാലിറ്റിയിലും കെ.എസ്.ഇ.ബി കണക്ഷന് വേണ്ടിയുള്ള തുക കെ.എസ്.ഇ.ബി.യിലും |

| | | | |
|---|---|---|---|
| | | | അടയ്ക്കുന്നതാണെന്നും കൂടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## <u>അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ ഓരോ നിലയിലും പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ</u>

**<u>ഗ്രൗണ്ട് ഫ്ലോർ</u>**

1. വില്ലേജ് ഓഫീസ്, അങ്കമാലി

2. ഐ.സി.ഡി.എസ് ഓഫീസ്, അങ്കമാലി

3. ക്വാളിറ്റി കൺട്രോൾ ലാബ്, ഇറിഗേഷൻ വകുപ്പ്, അങ്കമാലി

4. അഗ്രികൾച്ചറൽ സീഡ് റൂം, കൃഷി വകുപ്പ്, അങ്കമാലി

5. സ്പെഷ്യൽ തഹസീൽദാർ, എൽ.എ., കെ.ഐ.എ, നെടുമ്പാശ്ശേരി

6. കിഫ്ബി സ്പെഷ്യൽ തഹസീൽദാർ

**<u>ഫസ്റ്റ് ഫ്ലോർ</u>**

7. എ.എസ്.ജി.ഡി. സബ്ഡിവിഷൻ, അങ്കമാലി

8. സബ് രജിസ്ട്രാർ ഓഫീസ്, അങ്കമാലി

9. വില്ലേജ് റിക്കാർഡ് റൂം, അങ്കമാലി

10. മോട്ടോർ വാഹന വകുപ്പ്, അങ്കമാലി

11. മോട്ടോർ വാഹനവകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറിനായി അനുവദിച്ച സ്ഥലത്ത് കുടുംബശ്രീ പ്രവർത്തകരുടെ സി.ഡി.എസ്. കോഫി ഷോപ്പ് പ്രവർത്തനം നടത്തി വരുന്നു.

**<u>സെക്കൻഡ് ഫ്ലോർ</u>**

12. ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി

13. അസിസ്റ്റന്റ് ഡയറക്ടർ, കൃഷി വകുപ്പ്, അങ്കമാലി

14. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ആലുവ

15. ലേബർ ഓഫീസ്, അങ്കമാലി

16. ടോറൻസ് ഓഫീസ്, അങ്കമാലി

17. ഉപജില്ലാ വിദ്യാഭ്യാസ വകുപ്പ്, അങ്കമാലി

18. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കോൺഫറൻസ് ഹാൾ

**<u>തേർഡ് ഫ്ലോർ</u>**

19. പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, എൽ.എസ്.ജി.ഡി. അങ്കമാലി

20. ജി.എസ്.ടി. വകുപ്പ്, അങ്കമാലി

21. പൊതുമരാമത്ത് വകുപ്പ്, റോഡ്സ് നം.1, അങ്കമാലി

22. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ഐ.പി. നം.2, അങ്കമാലി എന്നീ ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതാണ്.

**<u>ഫോർത്ത് ഫ്ലോർ</u>**

23. എസ്.സി.ഡവലപ്പ്മെന്റ് ഓഫീസിന് സ്ഥലം അനുവദിച്ചെങ്കിലും നിലവിൽ പ്രവർത്തിച്ചു വരുന്നില്ല.

24. സെയിൽസ് ടാക്സ് ഓഫീസിന് സ്ഥലം അനുവദിച്ചെങ്കിലും നിലവിൽ പ്രവർത്തിച്ചു വരുന്നില്ല.

25. ടി നിലയിലെ കോൺഫറൻസ് ഹാൾ മോട്ടോർ വാഹന വകുപ്പ് ക്ലാസ്സുകൾ നടത്തുന്നതിന് ഉപയോഗിച്ചു വരുന്നു.